**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന വിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവയിൽ എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ഉണ്ട്; ഇതിലേക്ക് ഓരോന്നിനും എത്ര തുക ആവശ്യമുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി കൂടി അപേക്ഷകൾ നൽകാൻ അനുമതി നൽകിയിട്ടുള്ളതിനാൽ ആയതിന്റെ വിവരങ്ങൾകൂടി ശേഖരിച്ച് വിവരം നൽകുന്നതാണ്. |
| (ബി) | വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23/09/2025 തീയതിയിലെ 168/2025/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് പട്ടികജാതി വികസന ഫണ്ടിൽ നിന്നും വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.<br><br>വിദേശ തൊഴിൽ ധനസഹായം ബ്ലോക്ക് പഞ്ചായത്തിന്റെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ